ഉത്തരം

(എ) ഇല്ല. കേരള കാർഷിക കടാശ്വാസ ആക്റ്റ് 2001 പ്രകാരം സഹകരണ സംഘങ്ങൾക്ക് സംഭവിച്ചിട്ടുള്ള പലിശ നഷ്ടം നികത്തുന്നതിന് വേണ്ടി സഹകരണ സംഘങ്ങൾ സമർപ്പിച്ചിരുന്ന അപേക്ഷ യഥാവിധി പരിശോധന നടത്തി സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19-3-2003-ലെ ജി.ഒ. (ആർ.റ്റി.) 705/2003/ ആർ.ഡി. പ്രകാരം 13,99,02,000 രൂപ സർക്കാർ അനുവദിക്കുകയും ടി തുക ട്രഷറിയിൽ നിന്നും മാറി സംസ്ഥാന സഹകരണ ബാങ്കിന്റെ ടി. പി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയുമാണ്. പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് അതാത് ജില്ലകളിലെ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ 1-12-2003-ൽ ജി.ഒ.(സാധാ.) നമ്പർ 696/03/സഹ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന് ആസ്പദമായി ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്നതിനു വേണ്ടിയുള്ള അനുമതിക്കായി സർക്കാരിന്റെ ധനകാര്യ വകുപ്പിലേക്ക് 16-12-2003-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ്.

സർക്കാർ അനുവദിച്ച 13,99,02,000 രൂപയ്ക്ക് പുറമെ 6,70,59,086 രൂപ കൂടി ആവശ്യമാണെന്ന് ജോയിന്റ് രജിസ്ട്രാർമാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് അനുവദിക്കുന്നതിനു വേണ്ട അപേക്ഷ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ബാധകമല്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്.

സഹകരണ വായ്പാ സംഘങ്ങളിലെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

99 [537] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ വായ്പാ സംഘങ്ങളിലെ കുടിശ്ശികക്കാർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം സംഘങ്ങൾ അനുവദിച്ച ആനുകൂല്യങ്ങൾക്ക് ഏകീകൃത സ്വഭാവം ഉണ്ടായിരുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏത് തീയതി മുതൽ എന്തെല്ലാം തരം വായ്പ കുടിശ്ശികയായിട്ടുള്ള വർക്കാണ് സ്കീം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവും പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയും, സാമ്പത്തികമാന്ദ്യവുംമൂലം വായ്പകൾ തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശികയാവുകയും അതിന്റെ പലിശയും പിഴപ്പലിശയും ഈടാക്കുന്നതിന് വീണ്ടും ലോൺ നൽകുകയും ചെയ്ത കേസ്സുകളിൽ സ്കീമിന് അർഹതയുള്ള കുടിശ്ശിക തീയതി ഏതാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) രജിസ്ട്രാർ, സംസ്ഥാന-ജില്ലാ-പ്രാഥമിക വായ്പാ സംഘങ്ങൾക്ക് നൽകിയ നിർദ്ദേശത്തിൽ പ്രസ്തുത കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ടോ;

(ഇ) സ്കീമിന്റെ ആനുകൂല്യത്തിന് യഥാർത്ഥത്തിൽ പൂർണ്ണ അർഹതയുണ്ടായിരിക്കുകയും എന്നാൽ സാമ്പത്തിക പ്രയാസം കൊണ്ട് മാത്രം തിരിച്ചടയ്ക്കാൻ കഴിയാത്തവരുമായ പാവപ്പെട്ടവരുടെ കുടിശ്ശിക ഈടാക്കുവാൻ വീണ്ടും ജപ്തി നടപടികളുമായി മുന്നോട്ടുപോകാതെ സർക്കാർ സഹായത്തോടുകൂടി പലിശ പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവയുടെ 31-3-2001 വരെയുള്ള കുടിശ്ശിക വായ്പകൾക്ക് 31-3-2002-നുള്ളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തുക അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാൻ രജിസ്ട്രാറുടെ 35/01 നമ്പർ സർക്കുലർ പ്രകാരം അനുവദിച്ചിരുന്നു. രജിസ്ട്രാറുടെ 41/01 നമ്പർ സർക്കുലർ പ്രകാരം അർബൻ ബാങ്കുകളിലെ 31-3-2001 വരെയുള്ള കാലാവധി കഴിഞ്ഞ/കുടിശ്ശികയായ എല്ലാത്തരം വായ്പകൾക്കും ടി പദ്ധതി ബാധകമാക്കി. കൂടാതെ നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാന സഹകരണ ബാങ്കുകളിലെയും, ജില്ലാ സഹകരണ ബാങ്കുകളിലേയും എല്ലാത്തരം വായ്പകളുടേയും 31-3-2000 വരെയുള്ള കുടിശ്ശികയ്ക്കും, രജിസ്ട്രാറുടെ നിർദ്ദേശാനുസരണം സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ഉൾപ്പെടെയുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ എല്ലാത്തരം വായ്പകളിലെയും 31-3-2002 വരെയുള്ള കുടിശ്ശികയ്ക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാധകമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രാഥമിക വായ്പാ സംഘങ്ങളിൽ 31-3-2002-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായ എല്ലാത്തരം വായ്പകൾക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്.

(ഡി) ഉണ്ട്.

(ഇ) 2004 മാർച്ച് മാസം 31-ാം തീയതി വരെയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ സമയപരിധി. അനാമത്ത് ചിലവുകൾ, പിഴപ്പലിശ, കൂട്ടുപലിശ എന്നിവ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റി

400 [539] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റി വിദേശ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഏതെങ്കിലും സ്ഥാപനവുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കരാർ പ്രകാരം ഇൻഷ്വറൻസ് പോളിസിയുടെ കുത്തകാവകാശം ആർക്കാണ്;

(സി) കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റിയുടെ മൂലധനം എത്രയാണ്;

(ഡി) ഇതിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച തുക എത്ര;

(ഇ) ഇൻഷ്വറൻസ് കവറേജിൽ ആരൊക്കെ ഉൾപ്പെടും;

(എഫ്) പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി പ്രസ്തുത സ്ഥാപനം ചർച്ച നടത്തിയിരുന്നുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ജി) ഇത്തരം സഹകാര്യ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി സംസ്ഥാനത്തെ മറ്റേതെങ്കിലും സ്ഥാപനം കരാറുണ്ടാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly